# കേരള സർവകലാശാല

നം. പി.ആർ.147/2016 ഫോൺ : 2305738

## പത്രക്കുറിപ്പ്

### ഒന്നാം വർഷ ബിരുദ പ്രവേശനം: സ്പോട്ട് അഡ്മിഷൻ

കേരള സർവകലാശാലയോട് അഫിലിയേറ്റ് ചെയ്തിട്ടുള്ള ആർട്സ് ആൻഡ് സയൻസ് കോളേജുകളിൽ ആഗസ്റ്റ് 11-ന് ജനറൽ/മറ്റ് സംവരണ വിഭാഗത്തിൽപ്പെട്ടവർക്ക് അതത് കോളേജുകളിൽ വച്ച് സ്പോട്ട് അഡ്മിഷൻ നടത്തും.

ആഗസ്റ്റ് 11 രാവിലെ ഒമ്പത് മണിമുതൽ 12 മണിവരെ ജനറൽ/മറ്റ് സംവരണ വിഭാഗത്തിൽപ്പെട്ടവർ ഓൺലൈൻ രജിസ്ട്രേഷന്റെ ഏറ്റവും പുതിയ പ്രിന്റൗട്ടുമായി താൽപര്യമുള്ള കോളേജുകളിൽ എത്തി കോളേജുകളിൽ നിന്നും നൽകുന്ന രജിസ്ട്രേഷൻ സ്ലിപ് പൂരിപ്പിച്ച് നൽകേണ്ടതാണ്. പ്രിന്റൗട്ട് നൽകുന്നവർക്ക് മാത്രമേ സ്പോട്ട് അഡ്മിഷനിൽ പങ്കെടുക്കാൻ സാധിക്കുകയുള്ളൂ. ഓപ്ഷൻ നൽകിയിട്ടുള്ളതിൽ ആവശ്യമുള്ള കോളേജുകളിൽ വിദ്യാർത്ഥികൾക്കോ, രക്ഷിതാക്കൾക്കോ (പ്രതിനിധി) ഓൺലൈൻ രജിസ്ട്രേഷന്റെ ഏറ്റവും പുതിയ പ്രിന്റൗട്ട് നിശ്ചിത സമയത്തിനുള്ളിൽ (രാവിലെ ഒമ്പത് മണിമുതൽ 12 മണിവരെ) സമർപ്പിക്കാം. 12 മണിക്ക് ശേഷം ലഭിക്കുന്ന പ്രിന്റൗട്ടുകൾ സ്വീകരിക്കുന്നതല്ല.

ലഭിച്ച അപേക്ഷകളുടെ അടിസ്ഥാനത്തിലുള്ള റാങ്ക് ലിസ്റ്റ് അന്നേദിവസം (ആഗസ്റ്റ് 11) വൈകുന്നേരം നാല് മണിക്ക് മുമ്പ് കോളേജ് നോട്ടീസ് ബോർഡിലും വെബ്സൈറ്റിലും (www.admissions.keralauniversity.ac.in) പ്രസിദ്ധീകരിക്കും.

പ്രസിദ്ധീകരിച്ച റാങ്ക് ലിസ്റ്റിന്റെ അടിസ്ഥാനത്തിൽ ജനറൽ/മറ്റ് സംവരണ വിഭാഗത്തിൽപ്പെട്ടവർക്ക് ആഗസ്റ്റ് 12-ന് അതത് കോളേജുകളിൽ വച്ച് അഡ്മിഷൻ നടത്തും. ആഗസ്റ്റ് 12 രാവിലെ 10 മണിമുതൽ അഡ്മിഷൻ ആരംഭിക്കും. *പ്രവേശനം ആഗ്രഹിക്കുന്നവർ 11 മണിക്ക് മുമ്പായി കോളേജുകളിൽ ഹാജരാകണം. അല്ലാത്തപക്ഷം റാങ്ക്ലിസ്റ്റിൽ താഴെയുള്ള റാങ്കുകാർക്ക് അഡ്മിഷൻ നൽകുന്നതാണ്.*

സംവരണ സീറ്റുകളിൽ പ്രവേശനം ആഗ്രഹിക്കുന്നവർ ബന്ധപ്പെട്ട റവന്യൂ അധികാരികളിൽ നിന്നും ജാതി/വരുമാനം എന്നിവ തെളിയിക്കുന്ന അസ്സൽ സർട്ടിഫിക്കറ്റുകൾ ഹാജരാക്കണം. അഡ്മിഷൻ ലഭിക്കുന്നവർ ഫീസ് അന്നേ ദിവസം അതത് കോളേജുകളിൽ തന്നെ അടയ്ക്കണം. നേരത്തെ പ്രവേശനം ലഭിച്ച് കോളേജുകളിൽ പഠിച്ചുകൊണ്ടിരിക്കുന്ന വിദ്യാർത്ഥികൾ പുതുതായി അഡ്മിഷനുകൾ ഉറപ്പാക്കിയതിനുശേഷം മാത്രമേ ടി.സി വാങ്ങുവാൻ പാടുള്ളൂ.

*(എല്ലാ എഡിഷനുകളിലും പ്രസിദ്ധീകരിക്കുന്നതിന്)*

### ബി.എസ്.സി കമ്പ്യൂട്ടർ സയൻസ്/ബി.സി.എ പരീക്ഷാകേന്ദ്രം

കേരള സർവകലാശാല വിദൂര വിദ്യാഭ്യാസ വിഭാഗം ആഗസ്റ്റ് മാസം 17-ന് തുടങ്ങുന്ന രണ്ടാംവർഷ ബി.എസ്.സി കമ്പ്യൂട്ടർ സയൻസ്/ബി.സി.എ പരീക്ഷ കൾക്ക് തിരുവനന്തപുരം പരീക്ഷ കേന്ദ്രമായി അപേക്ഷിച്ച ബി.സി.എ റഗുലർ വിദ്യാർത്ഥികൾ (നമ്പർ 3061415001-3061415196) (എൽ.എസ്.സി & എസ്.ഡി.ഇ)

തിരുവനന്തപുരം എം.ജി കോളേജിൽ നിന്നും ഹാൾടിക്കറ്റു വാങ്ങി അതേ കേന്ദ്രത്തിൽ പരീക്ഷ എഴുതണം. തിരുവനന്തപുരം പരീക്ഷ കേന്ദ്രമായി ആവശ്യപ്പെട്ട ബി.എസ്.സി കമ്പ്യൂട്ടർ സയൻസ് റെഗുലർ വിദ്യാർത്ഥികളും (എൽ.എസ്.സി & എസ്.ഡി.ഇ) (നമ്പർ 7001415001–7001415122) ബി.എസ്.സി കമ്പ്യൂട്ടർ സയൻസ്/ബി.സി.എ പുതിയ സ്കീം സപ്ലിമെന്ററി വിദ്യാർത്ഥികൾ ഗവൺമെന്റ് കോളേജ് ആറ്റിങ്ങലിൽ നിന്നും ഹാൾടിക്കറ്റു വാങ്ങി അതേ കേന്ദ്രത്തിൽ തന്നെ പരീക്ഷ എഴുതണം. തിരുവനന്തപുരം പരീക്ഷ കേന്ദ്രമായി ആവശ്യപ്പെട്ട ബി.എസ്.സി കമ്പ്യൂട്ടർ സയൻസ് ബി.സി.എ പഴയ സ്കീം (2013–ന് മുമ്പുള്ള അഡ്മിഷൻ) സപ്ളിമെന്ററി വിദ്യാർത്ഥികൾ ചെമ്പഴന്തി എസ്. എൻ കോളേജിൽനിന്നും ഹാൾടിക്കറ്റ് വാങ്ങി അതെ സെന്ററിൽനിന്നും പരീക്ഷ എഴുതണം.

കൊല്ലം എഫ്.എം.എൻ കോളേജ് പരീക്ഷാ കേന്ദ്രമായി ആവശ്യപ്പെട്ട ബി.സി.എ റഗുലർ (നമ്പർ 3061431001–3061431058) വിദ്യാർത്ഥികളും യു.ഐ.ടി കൊല്ലം പരീക്ഷാ കേന്ദ്രമായി ആവശ്യപ്പെട്ട റഗുലർ (നമ്പർ 3061463001–3061463057) ബി.സി.എ വിദ്യാർത്ഥികളും, ബി.എസ്.സി കമ്പ്യൂട്ടർ സയൻസ്/ബി.സി.എ സപ്ലിമെന്ററി പുതിയ സ്കീം (2013 മുതലുള്ള അഡ്മിഷൻ) എസ്.എൻ കോളേജ് കൊല്ലത്തു നിന്നും ഹാൾടിക്കറ്റു വാങ്ങി അതേ കേന്ദ്രത്തിൽ പരീക്ഷ എഴുതണം.

കൊല്ലം എഫ്.എം.എൻ കോളേജ് പരീക്ഷ കേന്ദ്രമായി ആവശ്യപ്പെട്ട ബി.എസ്.സി കംമ്പ്യൂട്ടർ സയൻസ് റെഗുലർ ഓൺലൈൻ (നമ്പർ 7001431001–7001431052) വിദ്യാർത്ഥികളും യു.ഐ.ടി കൊല്ലം പരീക്ഷാ കേന്ദ്രമായി ആവശ്യപ്പെട്ട റഗുലർ ഓൺലൈൻ (നമ്പർ 7001463001–7001463038) വിദ്യാർത്ഥികളും, ബി.എസ്.സി കമ്പ്യൂട്ടർ സയൻസ്/ബി.സി.എ പഴയസ്കീം (2013–ന് മുമ്പുള്ള അഡ്മിഷൻ) സപ്ലിമെന്ററി വിദ്യാർത്ഥികളും ടി.കെ.എം ആർട്ട്സ് ആന്റ് സയൻസ് കോളേജ് കൊല്ലത്തുനിന്നും ഹാൾടിക്കറ്റു വാങ്ങി അതേ കേന്ദ്രത്തിൽ പരീക്ഷ എഴുതണം.

ലജ്നത്തുൾ മുഹമ്മദീയ ആലപ്പുഴ, എം.സി വർഗീസ് ആർട്സ് ആന്റ് സയൻസ് കോളേജ് ഏറ്റുമാനൂർ എന്നീ സെന്ററുകളിലെ വിദ്യാർത്ഥികൾ (റഗുലർ ആന്റ് സപ്ളിമെന്ററി, പുതിയത് & പഴയത്) ക്രിസ്ത്യൻ കോളേജ് ചെങ്ങന്നൂരിൽ നിന്നും ഹാൾടിക്കറ്റ് വാങ്ങി അതേ കേന്ദ്രത്തിൽ പരീക്ഷ എഴുതണം.

തൃശ്ശൂർ നമ്പൂതിരീസ് ആർട്സ് ആന്റ് സയൻസ് കോളേജിലെ വിദ്യാർത്ഥികളും മലപ്പുറം കോളേജിലെ വിദ്യാർത്ഥികളും (റഗുലർ & സപ്ലിമെന്ററി ഓൾഡ് & ന്യൂ സ്കീം) സെന്റ് മൈക്കിൾസ് കോളേജ് ചേർത്തലയിൽ നിന്നും ഹാൾടിക്കറ്റു വാങ്ങി അതേ കേന്ദ്രത്തിൽ പരീക്ഷ എഴുതണം.

പാലക്കാട് സെന്റർ വനേരി എച്ച്.എസ്.എസ് തുടങ്ങിയ സെന്ററിലെ വിദ്യാർത്ഥികൾ (റഗുലർ & സപ്ലിമെന്ററി, ഓൾഡ് & ന്യൂ) എസ്.എൻ കോളജ് ചേർത്തലയിൽ നിന്നും ഹാൾടിക്കറ്റു വാങ്ങി അതേ കേന്ദ്രത്തിൽ പരീക്ഷ എഴുതേണ്ടതാണ്.

കണ്ണൂർ, കോഴിക്കോട്, താരനെല്ലൂർ എന്നീ സെന്ററുകളിലെ വിദ്യാർത്ഥികൾ (റഗുലർ & സപ്ലിമെന്ററി - ഓൾഡ് & ന്യൂ സ്കീം) ടി.കെ.എം.എം കോളേജ് നങ്ങ്യാർകുളങ്ങരയിൽ നിന്നും ഹാൾടിക്കറ്റു വാങ്ങി അതേ കേന്ദ്രത്തിൽ പരീക്ഷ എഴുതേണ്ടതാണ്.

*(എല്ലാ എഡിഷനുകളിലും പ്രസിദ്ധീകരിക്കുന്നതിന്)*

## സീറ്റൊഴിവ്

കേരള സർവകലാശാല കാര്യവട്ടം സൈക്കോളജി പഠനവകുപ്പിൽ എം.എസ്സി അപ്ലൈഡ് സൈക്കോളജി കോഴ്സിന് പട്ടികവർഗ്ഗ വിഭാഗത്തിൽ ഒരു സീറ്റൊഴിവുണ്ട്. താൽപര്യമുള്ളവർ അസ്സൽ സർട്ടിഫിക്കറ്റുകളുമായി സൈക്കോളജി പഠനവകുപ്പിൽ ആഗസ്റ്റ് 12 രാവിലെ 11 മണിക്ക് ഹാജരാകണം. ഫോൺ. 0471-2308304.

കാര്യവട്ടം സംസ്കൃത പഠനവകുപ്പിൽ എം.എ സംസ്കൃതത്തിന് ജനറൽ, ഒ.ബി.സി, പട്ടികജാതി/പട്ടികവർഗ്ഗ വിഭാഗങ്ങളിൽ ഏതാനും സീറ്റുകൾ ഒഴിവുണ്ട്. താൽപര്യമുള്ളവർ അസ്സൽ സർട്ടിഫിക്കറ്റുകൾ സഹിതം ആഗസ്റ്റ് 17 രാവിലെ 11 മണിക്ക് സംസ്കൃത പഠനവകുപ്പിൽ ഹാജരാകണം. ഫോൺ. 0471-2308801, 9995381562.

കാര്യവട്ടം സ്റ്റാറ്റിസ്റ്റിക്സ് പഠനവകുപ്പിൽ എം.എസ്സി (സി.എസ്.എസ്) സ്റ്റാറ്റിസ്റ്റിക്സ് പ്രവേശനത്തിന് ഒരു എസ്.ടി സീറ്റൊഴിവുണ്ട്. യോഗ്യരായവർ അസ്സൽ രേഖകൾ സഹിതം ആഗസ്റ്റ് 11 ഉച്ചയ്ക്ക് രണ്ട് മണിക്ക് മുമ്പ് വകുപ്പദ്ധ്യക്ഷനുമായി ബന്ധപ്പെടുക. ഫോൺ. 9895980078, 0471-2308905/071.

കാര്യവട്ടം കമ്പ്യൂട്ടർ സയൻസ് പഠനവകുപ്പിൽ എം.എസ്സി കമ്പ്യൂട്ടർ സയൻസ് (2016-18) കോഴ്സിന് എസ്.സി/എസ്.ടി വിഭാഗത്തിൽ ഏതാനും സീറ്റുകൾ ഒഴിവുണ്ട്. താൽപര്യമുള്ളവർ സർട്ടിഫിക്കറ്റുകളുടെ അസ്സൽ പകർപ്പുമായി ആഗസ്റ്റ് 17 രാവിലെ 11 മണിക്ക് പഠനവകുപ്പിൽ ഹാജരാകണം.

## ബി.എ ഓണേഴ്സ് ഇൻ ഇംഗ്ലീഷ് ഫലം

കേരള സർവകലാശാല ജനുവരിയിൽ നടത്തിയ ഒന്നാം സെമസ്റ്റർ, ജൂണിൽ നടത്തിയ നാലാം സെമസ്റ്റർ ബി.എ ഓണേഴ്സ് ഇൻ ഇംഗ്ലീഷ് ലാംഗ്വേജ് ആൻഡ് ലിറ്ററേച്ചർ പരീക്ഷാഫലം വെബ്സൈറ്റിൽ (www.keralauniversity.ac.in) ലഭിക്കും.

## ഇന്റഗ്രേറ്റഡ് ബി.എ എൽ.എൽ.ബി ടൈംടേബിൾ

കേരള സർവകലാശാല ആഗസ്റ്റ് 30-ന് തുടങ്ങുന്ന എട്ടാം സെമസ്റ്റർ ഇന്റഗ്രേറ്റഡ് ബി.എ എൽ.എൽ.ബി (പഞ്ചവത്സരം) പരീക്ഷയുടെ വിശദമായ ടൈംടേബിൾ വെബ്സൈറ്റിൽ (www.keralauniversity.ac.in) ലഭിക്കും.

## എം.എ ഇംഗ്ലീഷ് ലാംഗ്വേജ് & ലിറ്ററേച്ചർ പ്രവേശനം

കേരള സർവകലാശാല ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഇംഗ്ലീഷിൽ എം.എ ഇംഗ്ലീഷ് ലാംഗ്വേജ് ആൻഡ് ലിറ്ററേച്ചർ (സി.എസ്.എസ്) കോഴ്സ് പ്രവേശനത്തിന്റെ വിവരം വെബ്സൈറ്റിൽ ലഭിക്കും. അലോട്ട്മെന്റ് ലഭിച്ചവർക്കുള്ള ഇന്റർവ്യൂ ആഗസ്റ്റ് 16 രാവിലെ 10.30-നും സാധ്യതാലിസ്റ്റിലുള്ളവരുടെ ഇന്റർവ്യൂ ആഗസ്റ്റ് 17 രാവിലെ 10.30-നും പാളയം ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഇംഗ്ലീഷിൽ നടത്തും. യോഗ്യരായവർ വെബ്സൈറ്റിൽ നിന്നും ലഭിക്കുന്ന മെമ്മോ, എല്ലാ അസ്സൽ രേഖകളും സഹിതം ഇന്റർവ്യൂവിന് ഹാജരാകണം. ഫോൺ 0471-2386325.

## എം.സി.എ പരീക്ഷ

കേരള സർവകലാശാല സെപ്റ്റംബറിൽ തുടങ്ങുന്ന ആറാം സെമസ്റ്റർ എം.സി.എ (2011 സ്കീം - റഗുലർ & സപ്ലിമെന്ററി) പരീക്ഷയ്ക്ക് പിഴകൂടാതെ ആഗസ്റ്റ് 18 (50 രൂപ പിഴയോടെ ആഗസ്റ്റ് 20, 250 രൂപ പിഴയൊടെ ആഗസ്റ്റ് 22) വരെ ഫീസ് അടയ്ക്കാം. വിശദവിവരങ്ങൾ വെബ്സൈറ്റിൽ വെബ്സൈറ്റിൽ (www.keralauniversity.ac.in) ലഭിക്കും.

## എം.ബി.എ ടൈംടേബിൾ

കേരള സർവകലാശാല ആഗസ്റ്റ് 17-ന് തുടങ്ങുന്ന നാലാം സെമസ്റ്റർ എം.ബി.എ (ഫുൾടൈം (യു.ഐ.എം)/ റഗുലർ - ഈവനിംഗ്/ ട്രാവൽ ആൻഡ് ടൂറിസം - 2014 സ്കീം) പരീക്ഷയുടെ ടൈംടേബിൾ വെബ്സൈറ്റിൽ (www.keralauniversity.ac.in) ലഭിക്കും.

സെപ്റ്റംബർ അഞ്ചിന് തുടങ്ങുന്ന രണ്ടാം സെമസ്റ്റർ എം.ബി.എ (ഫുൾടൈം (യു.ഐ.എം)/ റഗുലർ - ഈവനിംഗ്/ ട്രാവൽ ആൻഡ് ടൂറിസം - 2014 സ്കീം, റഗുലർ & സപ്ലിമെന്ററി) പരീക്ഷയുടെ ടൈംടേബിൾ വെബ്സൈറ്റിൽ (www.keralauniversity.ac.in) ലഭിക്കും.

## അസിസ്റ്റന്റ് പ്രൊഫസർ : പുനർവിജ്ഞാപനം

കേരള സർവകലാശാല കാര്യവട്ടം യൂണിവേഴ്സിറ്റി കോളേജ് ഓഫ് എൻജിനീയറിംഗിൽ കരാറാടിസ്ഥാനത്തിൽ അസിസ്റ്റന്റ് പ്രൊഫസർ (മാത്തമാറ്റിക്സ്) നിയമനത്തിന് പുനർവിജ്ഞാപനം ചെയ്യുന്നു. അപേക്ഷകൾ ലഭിക്കേണ്ട അവസാന തീയതി ആഗസ്റ്റ് 25. മുൻ വിജ്ഞാപനപ്രകാരം അപേക്ഷിച്ചവർ വീണ്ടും അപേക്ഷിക്കേണ്ടതില്ല. വിശദവിവരങ്ങൾ വെബ്സൈറ്റിൽ (www.keralauniversity.ac.in) Job Notifications എന്ന ലിങ്കിൽ ലഭിക്കും.

സർവകലാശാല മന്ദിരം,
തിരുവനന്തപുരം.
10.08.2016

പബ്ലിക് റിലേഷൻസ് ഓഫീസർ

അംഗീകാരത്തോടെ,

സെക്ഷൻ ഓഫീസർ

e-mail: ku.release@gmail.com
website: www.keralauniversity.ac.in

University information is available on 0471-2305994, 155300 (BSNL Land line), 0471-155300 (from mobile) 0471-2115054 and 0471-2115098